**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2145 — 06.10.2016-ൽ മറുപടിക്ക്

## സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലോ രജിസ്ട്രേഷൻ ഫീസിലോ ഉള്ള ഇളവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.ടി.എ. റഹീം** | **ശ്രീ.ജി.സുധാകരൻ** **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സഹകരണ സംഘങ്ങൾ വിലകൊടുത്തുവാങ്ങുന്ന സ്വത്തുക്കൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ എന്നുമുതലാണെന്നത് സംബന്ധിച്ച് വിശദമാക്കാമോ; | ബി) 18.10.1960-ൽ SRO 75/1960 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച G.O(Ms)795/60/Agri dated 08.10.1960 ഉത്തരവ് പ്രകാരം സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുണ്ട്. |
| സി) സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലോ രജിസ്ട്രേഷൻ ഫീസിലോ ഏതെങ്കിലും ഇളവുകൾ നിലവിലുണ്ടോ; വിശദമാക്കാമോ; | സി) മേൽ ഉത്തരവ് നിലവിലുണ്ടെങ്കിലും, സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ ടി ഉത്തരവ് പ്രകാരമുള്ള മുദ്രവില ഇളവ് അനുവദിക്കുന്നില്ല. |
| ഡി) സഹകരണ സംഘങ്ങൾക്ക് സ്റ്റാംപ് ഡ്യൂട്ടി ഇളവുനൽകുന്നതിൽ എന്തെങ്കിലും തടസങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) 1960 കളിൽ സഹകരണ മേഖലയുടെ ഉന്നതി ലക്ഷ്യമാക്കിയാണ് മേൽപ്രകാരം ഇളവ് നൽകി ഉത്തരവായിട്ടുള്ളത്. എന്നാൽ നിലവിൽ സഹകരണ മേഖല ഉന്നതി കൈവരിച്ചിട്ടുള്ള സാഹചര്യത്തിലും സഹകരണ സൊസൈറ്റികളും |

ബാങ്കുകളും സാമ്പത്തിക ഭദ്രത നേടിയിട്ടുള്ള സാഹചര്യത്തിലും ടി ഉത്തരവ് പ്രകാരമുള്ള ഇളവ് തുടർന്നും നൽകേണ്ട സാഹചര്യമുള്ളതായി കാണുന്നില്ല. ലക്ഷക്കണക്കിന് രൂപ ചെലവാക്കി സ്വന്തമായി വസ്തുക്കൾ വാങ്ങാനും കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കാനും കഴിവുള്ള ടി സ്ഥാപനങ്ങൾ മുദ്ര ഒടുക്കുവാനും ബാദ്ധ്യസ്ഥരാണ് എന്നു കാണുന്നു.

WA 1216/07 തുടങ്ങിയ ബാച്ച് കേസിൽ ഹൈക്കോടതിയുടെ ഫുൾ ബഞ്ച് 18.12.2014 ന പുറപ്പെടുവിച്ച ഉത്തരവിൽ "if a member of the society is executing a document in his own capacity or in the capacity of the guardian of a minor he cannot avail the benefit of remission of stamp duty" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫുൾ ബഞ്ച് ഉത്തരവിനെ ആധാരമാക്കിക്കൊണ്ടുള്ള 13.03.2015 തീയതിയിലെ WP(C)1767/15-ാം നമ്പർ കേസിന്റെ വിധിന്യായത്തിൽ വസ്തു ഉടമ Transfer of Property Act-ലെ 55-ാം വകുപ്പ് പ്രകാരം വസ്തു ഉടമ എന്ന നിലയിൽ മാത്രം ആധാരം ഒപ്പിടുന്നത് സൊസൈറ്റിയുടെ പേരിൽ ഒപ്പിടുന്നതായി കണക്കാക്കാനാകില്ല എന്നും വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ

സഹകരണ സംഘങ്ങൾക്ക് 08.10.1960 ലെ ജി.ഒ.(എം.എസ്) 795/60/അഗ്രി നമ്പർ ഉത്തരവ് അനുസരിച്ചുള്ള മുദ്ര ഇളവിന് അർഹതയില്ല. സഹകരണ സംഘങ്ങൾക്ക് മുദ്രവില ഇളവ് അനുവദിക്കുന്ന വിഷയം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. മാത്രവുമല്ല മുദ്രവിലയിളവിന് അർഹതയുള്ള സഹകരണ സംഘങ്ങൾക്ക് മാത്രം മുദ്രവിലയിളവ് അനുവദിക്കുന്നതരത്തിൽ ടി ഉത്തരവ് ഭേദഗതി വരുത്തേണ്ടതായികാണുന്നതിനാൽ പ്രസ്തുത ഉത്തരവ് ഇപ്പോൾ സർക്കാരിന്റെ പുനഃപരിശോധനയിലുമാണ്.

സെക്ഷൻ ഓഫീസർ